# ജി എച്ച് എസ് തൃക്കുളം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസത്തിൻെറ ഭാഗമായി ഓരോ വിദ്യാലയവും മികവിൻെറ കേന്ദ്രമാക്കുക , കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വെക്കുന്നത് .

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ ഉള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള നിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാനാകൂ. ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എന്തായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിശദീകരിക്കുന്ന രേഖ കൂടിയാണ് മാസ്റ്റർപ്ലാൻ. അതായത് വിദ്യാലയം അതിൻെറ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്നത് .

## <u>വിദ്യാലയ ചരിത്രം</u>

മലപ്പുറം പരപ്പനങ്ങാടി ഉപജില്ലയിലെ ചെമ്മാട് പ്രദേശത്ത് നൂറു വർഷത്തിലധികമായി പ്രശംസനീയമായ നിലയിൽ തന്നെ അക്ഷരവെളിച്ചം പകർന്നു കൊടുത്തുകൊണ്ട് മുന്നേറികൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം. 1909ൽ മലബാർ എലമെന്ററി ബോർഡിന്റെ കീഴിൽ ആരംഭിച്ച ഈ പ്രൈമറി പള്ളിക്കൂടം പ്രദേശത്തെ ഭൗതിക വിദ്യാഭ്യാസത്തിന്റെ ഏക കേന്ദ്രമായിരുന്നു.

ശ്രീ ഉള്ളാട്ട് ആലിക്കോയ വൈദ്യർ സ്ഥലം നൽകിയതോടെ പള്ളിക്കൂടത്തിന്റെ ഉയർച്ചയും സുസ്ഥിരതയും വേഗത്തിലായി. ആരംഭത്തിൽ ഭൗതിക സൗകര്യങ്ങളുടെ കുറവും കുട്ടികളുടെ ബാഹുല്യവും മൂലം സ്കൂളിന് നാല് സെക്ഷനുകളായി പ്രവർത്തിക്കേണ്ടി വന്നു. 1952 ൽ സ്കൂൾ സർക്കാർ ഏറ്റെടുത്തു. 1957ൽ യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു. 1985 വരെ സ്കൂൾ ഷിഫ്റ്റ് ആയാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 12 ക്ലാസ്സ്മുറികളുമായി പുതിയ കെട്ടിടം നിർമിച്ചതോടെ സ്ഥലപരിമിതിക്ക് പരിഹാരമായി. ഭൗതിക സാഹചര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ നേടിയെടുക്കുന്നതിൽ അക്കാലങ്ങളിലെ പ്രധാനാദ്ധ്യാപകരും പി ടി എ യും നടത്തിയ പരിശ്രമങ്ങൾ വിസ്മരിക്കാവുന്നതല്ല. 1983 മുതൽ 1998 വരെ പ്രധാനാധ്യാപകനായിരുന്ന ശ്രീ ഉസ്മാൻ മാസ്റ്റർ ദേശീയ അവാർഡിന് അർഹനായതോടെ വിദ്യാലയം ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു.. പഠനത്തിനോടൊപ്പം കലാകായിക ശാസ്ത്ര മത്സരങ്ങളിൽ മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാവുകയും മറികടക്കാൻ കഴിയാത്ത വിധം ഉന്നതിയിൽ എത്തുകയും ചെയ്തു.

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം പ്രചരിക്കുന്നതിന് മുൻപ് തന്നെ ഈ വിദ്യാലയം ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് മറ്റു സ്കൂളുകൾക്ക് മാതൃകയായി. പഠനത്തോടൊപ്പം തൊഴിലും എന്ന ആശയത്തോടെ ആരംഭിച്ച തുന്നൽ പരിശീലനവും എടുത്തു പറയേണ്ടത് തന്നെ. ഇപ്പോൾ ഏകദേശം 30ഓളം കമ്പ്യൂട്ടറുകൾ അടങ്ങിയ ലാബ് പ്രവർത്തിച്ചു വരുന്നു. സ്കൂളിലെ ലൈബ്രറിയെ ഉപജില്ലയിലെ മോഡൽ ലൈബ്രറിയായി അംഗീകരിച്ചത് വലിയ നേട്ടമാണ്.

2013 - 14 വർഷത്തിൽ ആർ എം എസ് എ പദ്ധതി പ്രകാരം ഈ വിദ്യാലയം ഹൈ സ്കൂൾ ആയി ഉയർത്തപ്പെട്ടു. 50 കുട്ടികളുമായി ആരംഭിച്ച ആദ്യ ബാച്ച് 100% വിജയം കൈവരിച്ചു. മികവുറ്റ പ്രവർത്തനങ്ങളുമായി വിദ്യാലയം ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

# ജി എച്ച് എസ് തൃക്കുളം 2025-26

| | |
|---|---|
| എച്ച് എം | : ജസിത കെ |
| PTA പ്രസിഡന്റ് | : എം എൻ ഷഫീഖ് |
| PTA വൈസ് പ്രസിഡന്റ് | : മനോജ് |
| SMC ചെയർപേഴ്സൺ | : ജാഷിദ് |
| MTA പ്രസിഡന്റ് | : ശ്യാമിലി |
| SRG കൺവീനർ | : ബിജുല ടി |
| സീനിയർ അസിസ്റ്റന്റ് | : ഗിരീഷ് കെ |
| സ്റ്റാഫ് സെക്രട്ടറി | : മുരളി എം കെ |

# മറ്റ് PTA എക്സ്ക്യൂട്ടീവ് അംഗങ്ങൾ

**1.MN SHAFEEQUE**
**2.MANOJ**
**3.GUHARAJ**
**4.NISAR**
**5.MANOHARAN**
**6.MANAF**
**7.YUSAF K**
**8.PRAKASHAN**
**9.RAMLATH**
**10.RASHEEDA**
**11.SYAMILI K**

## STAFF MEMBERS

**1. RAJESH KUNIYIL**
**2.BABU**
**3.PRAJEESH**
**4.SUMITHA RT**
**5.MURALI**
**6.DHANYA V**
**7.PRIYA**
**8. SOOPPI**
**9.FAISAL**
**10.SURESH**

## SMC

**1.JASHID**
**2.ABDUL RAZAK**
**3.SADIQUE**
**4.BABURAJ**
**5.SHAFI**
**6.RAJIV**
**7.SHIHAIB**
**8.NISABUDHEEN**
**9.PT HAMZA**

**10. FEMINA**
**11.MUHAMMADALI PULIKKAL**
**12.ABDUL RAHEEM**
**13.M N MOYDHEEN**
**14. MAJIDA**
**15.UMAIBANU**
**16.JAFAR KUNNATHERI**
**17.AYISHUMMU**
**18.FAISAL C**
**19.NADA MARVA**
**20.SUJESH**

**MPTA**

**1. UMAIBANU**
**2. SHANDNI**
**3. SHAJILA**
**4.RASHEEDA**
**5.SHYAMILI**
**6.JIJI**
**7.NIKHILA**

# GHS TRIKKULAM – DUTY CHART 2025- 26

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് | : | ജസിത കെ |
| സീനിയർ അസിസ്റ്റൻറ് | : | ഗിരീഷ് കെ |
| സ്റ്റാഫ് സെക്രട്ടറി | : | മുരളി |
| **SRG** കൺവീനർ | : | അമൃത ബി എസ്<br>രസ്വാന<br>ബിജുല ടി |
| **Noon feeding** | : | സുജേഷ് , ബിൻറ |
| **ICT co-ordinator** | : | സിറാജുൽ മുനീർ ,വിദ്യ ,സ്മിത, ഫൈസൽ |
| **Textbook** | : | സൂഫി |
| **Time table** | : | ബിജുല ,ധന്യ, രതീഷ് |
| **Scholarship** | : | ചൈതന്യ |
| **Vijayabheri** | : | ഷിജി |
| **Exam** | : | സൗമ്യ, ശ്രുതി , ബാബു |
| **Library** | : | പ്രീതി,പ്രജീഷ് |
| **Vidyarangam** | : | പ്രിയ, സവിത, ധന്യാറാണി |
| **Art festival** | : | രാധാകൃഷ്ണൻ ,പ്രീത , ബിന്ദു |
| **Sports** | : | അബ്ദുൽജലാൽ, സാജിത |

| | |
|---|---|
| **Tour** | : അബ്ദുൽജലാൽ , സൂഫി , സുരേഷ് ,ഫൈസൽ |
| **Little kites** | : ഷീജ , സിരാജുൽ മുനീർ |
| **Science fair** | : അഞ്ജനദേവി, സൂര്യ , ഇന്ദു |
| **Documentation** | : ജിതിൻ, സ്മിത , ഇന്ദു |
| **Scout** | : ജിതിൻ |
| **Discipline** | : അബ്ദുൽ ജലാൽ, രാജേഷ് |
| **NMMS** | : ഷീന |
| **USS** | : ധന്യ |
| **LSS** | : രാജേഷ് |
| **Shradha** | : ഗിരീഷ് |
| **Vijaya sparsham** | :അശ്വതി, റജീന , രതീഷ് |
| **YIP** | : സൗമ്യ |
| **JRC** | : കദീജ , അഞ്ജലി |
| **SSSS** | : സൂഫി , ജയശ്രീ |
| **IEDC** | : ജയശ്രീ ,ശ്രുതി , അഞ്ജന, സുജേഷ്, ശ്രീപ്രിയ |
| **Jagratha** | :സുമിത ആർ ടി |
| **Vimukthi** | :അബ്ദുൽജലാൽ |

| | |
|---|---|
| **Seed** | : രാധാകൃഷ്ണൻ |
| **Health** | :ബിജുല ടി, ഫരീദ |
| **ORC** | : ബിജുല ടി |
| **Teens** | : രാധാകൃഷ്ണൻ |
| **Gandidarshan** | : ജാസ്മിൻ, രാഗസുധ |
| **SPG** | : സുമിത ആർ ടി |
| **ചിരി** | : സുമിത ആർ ടി |
| **ഹരിത സേന** | : സൂപ്പി |
| **uniform** | : പ്രിയ |

# Subject Council and Club Convenors

| | |
|---|---|
| Malayalam | Priya Dhanyarani |
| English | Jayasree vidya |
| Hindi | Bijula, Anila |
| Arabic | Sirajul muneer Anjali |
| Sanskrit | Sumitha RT |
| Urdu | Chythanya |
| Maths | Shanila Binta |
| Social science | Shiji prajeesh |
| Science | Aswathy Anjanadevi |

# TOTAL STUDENTS IN ACADEMIC YEAR 2025-26

| CLASS | NO OF DIVISIONS | BOYS | GIRLS | TOTAL |
|---|---|---|---|---|
| 1 | 3 | 39 | 37 | 76 |
| 2 | 3 | 38 | 31 | 69 |
| 3 | 3 | 25 | 46 | 71 |
| 4 | 5 | 72 | 54 | 126 |
| 5 | 5 | 68 | 60 | 128 |
| 6 | 5 | 70 | 81 | 151 |
| 7 | 6 | 105 | 72 | 177 |
| 8 | 6 | 100 | 99 | 199 |
| 9 | 4 | 85 | 90 | 175 |
| 10 | 4 | 100 | 64 | 164 |
| | 44 | 702 | 634 | 1336 |

# മികവുകളും പരിമിതികളും

തിരൂരങ്ങാടി മുൻസിപ്പലിറ്റിയിൽ സ്ഥിതി ചെയ്യുന്ന തൃക്കുളം ഗവണ്മെന്റ് ഹൈസ്കൂൾ മികവിന്റെ പാതയിൽ മുന്നേറി ക്കൊണ്ടിരിക്കുകയാണ്. **2024-25** എസ് എസ് എൽ സി പരീക്ഷയിൽ നൂറു ശതമാനം വിജയം കൈവരിച്ചു. **235** കുട്ടികളിൽ **12** പത്ത് എ പ്ലസും, അഞ്ച് **9** എ പ്ലസും നേടിക്കൊണ്ട് അക്കാദമിക രംഗത്ത് മികച്ച മുന്നേറ്റം തന്നെ സൃഷ്ടിച്ചു. **NMMS, USS, LSS** എന്നീ രംഗങ്ങളിലും വിജയക്കൊടി പാറിക്കാൻ കുട്ടികൾക്ക് കഴിഞ്ഞു.വിജയഭേരി, പിന്നോക്കക്കാർക്കുള്ള പിന്തുണ ക്ലാസ്സുകൾ, ദത്തെടുക്കൽ, ഗൃഹസന്ദർശനം എന്നിങ്ങനെ **SSLC** ബാച്ചിന് മുന്നേറാൻ ഉതകുന്ന പ്രവർത്തനങ്ങൾക്ക് വർഷാരംഭത്തിൽ തന്നെ തുടക്കം കുറിക്കുന്നു.**8,9** ക്ലാസ്സുകളിലെ കുട്ടികൾക്കായി വിജയസ്പർശം, ശ്രദ്ധ എന്നിവയും നടന്നുവരുന്നു.

യു പി, എൽ പി തലത്തിലും മികവാർന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. **YIP 7.0** സ്കൂൾതല ആശയസമർപ്പണത്തിൽ രണ്ടു ടീമുകൾ സബ്ജില്ലതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. കലാ കായിക രംഗങ്ങളിലും സബ്ജില്ല ജില്ല തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കാൻ സാധിച്ചിട്ടുണ്ട്. **Brc** തലത്തിൽ ഉള്ള അടൽ ടിങ്കറിങ് ലാബ് സ്കൂളിന് ഒരു മുതൽക്കൂട്ടാണ്.

വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ തൃക്കുളം ഗവൺമെൻറ് ഹൈസ്കൂളിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ചില പരിമിതികളും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും നിലനിൽക്കുന്നുണ്ട്. ഇടത്തരക്കാരും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്നവരുമായ കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് ഭൂരിഭാഗവും ഈ സ്കൂളിൽ പഠിക്കുന്നത്. സ്കൂൾ ബസ്സ് നമ്മുടെ സ്കൂളിന് വളരെ അത്യാവശ്യമാണ്. അതുപോലെ തന്നെ സ്കൂളിലെ കുട്ടികൾക്ക് കളിക്കാനും ഉല്ലസിക്കാനും കായിക ഗ്രൗണ്ട് ഇല്ലാത്തതും വലിയൊരു അപര്യാപ്തയാണ്. കുട്ടികൾക്ക് ശാസ്ത്ര വിഷയങ്ങൾ കണ്ടും കേട്ടും പരീക്ഷണങ്ങൾ ചെയ്തു പഠിക്കാൻ സൗകര്യമുള്ള ശാസ്ത്ര ലാബിൻെറ അഭാവവും സ്കൂളിൽ നില നിൽക്കുന്നുണ്ട്.

കാഴ്ചപ്പാട്

## തൃക്കളം വിഷൻ

**അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തെ ഉയർത്തുന്നതിനുള്ള അക്കാദമിക മുന്നേറ്റമാണ് തൃക്കളം വിഷൻ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള എല്ലാ മേഖലകളും ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ കാഴ്ചപ്പാടിന്റെ പൊതു ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.**

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുക ,അതുവഴി മികവിൻെറ കേന്ദ്രമാക്കി പൊതുവിദ്യാലയങ്ങളെ മാറ്റുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. ഇതിൻെറ ഭാഗമെന്ന നിലയിൽ ആണ് സംസ്ഥാനത്ത് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നല്കിയത്. അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ഗുണമേന്മ ഉറപ്പാക്കുക, അറിവിനെ ജീവിതവുമായി ബന്ധപ്പെടുത്തുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർ ണ്ണയത്തിൻെറയും വിലയിരുത്തലിൻെറയും സാധ്യതകൾ പ്രയോജനപ്പെടുത്തുക,പുസ്തകങ്ങൾക്കപ്പുറത്തുള്ള ലോകത്തേക്ക് പഠനപ്രവർ ത്തനങ്ങളെ വികസിപ്പിക്കുക തുടങ്ങിയ വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വെക്കുന്ന പ്രക്രിയാബന്ധവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമെന്ന ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത് .

.പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ്സ് വരെ ഓരോ ക്ലാസ്സിലും കുട്ടി ആർ ജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

.പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉള്ള പ്രവർത്തനങ്ങൾ ഊർ ജ്ജിതമാക്കുക .

.സ്കൂൾ ലൈബ്രറി , ലബോറട്ടറി സൗകര്യങ്ങൾ പഠനപ്രക്രിയക്ക് ഉതകുന്ന തരത്തിൽ ആധുനികവൽക്കരിക്കുക.

.പഠനയാത്രകൾ , ക്യാമ്പുകൾ, ശില്പശാലകൾ, വിഗഗ് ദരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ ഉൾപ്പെടുത്തി പഠനനിലവാരം ഉയർത്തുക.

.കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

.തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുക.

.നൂതനമായ ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

.ഭിന്നശേഷിയുള്ള കുട്ടികൾക്ക് ജീവിതനൈപുണി ഉറപ്പാക്കുന്നതിന് ഉതകുന്ന തൊഴിൽ പരിശീലനങ്ങൾ നൽകുക.

.പ്ലാസ്റ്റിക് , പുകയില , ലഹരി മുക്ത വിദ്യാലയമാക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ കാര്യക്ഷമമാക്കുക.

.കലാകായിക പ്രവൃത്തി പരിചയ മേളകളിൽ മികച്ച പരിശീലനം ഉറപ്പുവരുത്തുക.

.പ്രാദേശിക വിദഗ് ദരെ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക.

## പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കോർ കമ്മറ്റി രൂപീകരിച്ചു. എസ് ആർ ജി ചേർന്ന് പ്ലാനിന്റെ ആവശ്യകത, ലക്ഷ്യം എന്നിവ ചർച്ച ചെയ്തു. തുടർന്ന് ആവശ്യമായ ചുമതലാവിഭജനം നടത്തി. പ്രവർത്തന പദ്ധതികൾ രൂപകൽപ്പന ചെയ്തു. പി ടി എ യോഗം ചേർന്നു അഭിപ്രായരൂപീകരണം നടത്തി. മാസ്റ്റർ പ്ലാൻ കരട് രേഖ തയ്യാറാക്കി ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി. **DTP** ചെയ്തു പുസ്തകരൂപത്തിലാക്കി സമർപ്പിക്കാൻ തീരുമാനിച്ചു.





## അടൽ ട്വിങ്കറിംഗ് ലാബ്



## തയ്യൽ പരിശീലനം



സ്മാർട്ട് റൂം ക്ലാസ്സുകൾ





ന്യൂട്രിഷൻ ഗാർഡൻ, ഹെർബൽ ഗാർഡൻ

# മലയാളം HS

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>വാക്കുകൾ എഴുതി കാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം, കഥ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | ജൂൺ-ജൂലൈ | കാർഡുകൾ, ചിത്രങ്ങൾ | പി ടി എ<br>അധ്യാപകർ<br>(പ്രിയ, കദീജ) |
| കുട്ടികളെ മികച്ച വായനക്കാരാക്കുക | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന ദിനാചരണം<br>പുസ്തകചർച്ച<br>വായനാനുഭവം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം<br>സാഹിത്യകാരൻമാരുമായി അഭിമുഖം | 6 മാസം ഓഗസ്റ്റ്-ജനുവരി | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പി ടി എ<br>അധ്യാപകർ<br>(പ്രിയ, കദീജ) |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരാക്കുക.<br><br>4.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | എഴുത്തുകൂട്ടം രൂപീകരിക്കൽ<br>പുസ്തകചർച്ച<br>വായനാക്കുറിപ്പ് ,വായനാപതിപ്പ്<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>വ്യക്തിഗത രചന,സംഘരചന,<br>സംവാദം.<br><br>വേദി എന്ന പേരിൽ ഒരു സംവാദം സംഘടിപ്പിക്കുന്നു.<br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കൽ | 6 മാസം<br>ജൂലൈ - ഡിസംബർ<br><br>6 മാസം | ലൈബ്രറി,പുസ്തകങ്ങൾ,ഫോട്ടോകൾ<br><br>ഓഡിയോ,<br>വീഡിയോ | പി ടി എ<br>അധ്യാപകർ<br><br>പി ടി എ<br>അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പ ത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2023-24

------------------------------------------

**@ഉർദു**

# അകാദമിക് മാസ്റ്റർ പ്ലാൻ

.....................................................................................

## വിഷയം - ഉർദു

### ആമുഖം

ഇൻന്തോ ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു. അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീതസുന്ദര ഭാഷയായ ഉർദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റേയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്

**.................................... ജി.എച്ച്.എസിൽ** ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അകാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും 10 ാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർ ഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക
- വിവിധ കലാ പരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
- 10 ാം തരത്തിലെ ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വഴളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീഠീ ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ. ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | കൈയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളയുമായ കൈ എഴുത്ത്, എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി,<br>* കയ്യെഴുത്ത് മാസിക<br>* ചുമർ പത്രിക നിർമാണം<br>* വായന കാർഡ് നിർമാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഉർദു ടൈപ്പിംഗ് | * കുട്ടികൾക്ക് ഉർദു ടെപ്പിംഗിൽ പരിശീലനം നൽകൽ.<br>* പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | ഉർദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | ഓൺലൈൻ മീഡിയ ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യായന വർഷം | ഉർദു ക്ലബ്ബ് | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | | |
| 8 | **ഗസൽ & മുശാഇറ** | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | **സാഹിത്യ ക്യാമ്പ്** | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക ഉർദു സാഹിത്യകാപന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | **ഷോർട്ട് ഫിലീമുകൾ** | കുട്ടികളിൽ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട് ഫിലീമുകൾ തയ്യാറാക്കൽ. | അദ്ധ്യായന വർഷം വിവിധ സന്ദർഭങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 11 | ഹമാരി സബാൻ **ഉർദു ദിനം** | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 12 | **വായനാ ശാക്തീകരണം** | കുട്ടി വായന<br>അമ്മയും-കുഞ്ഞും വായന<br>ആസ്വാദന കുറിപ്പ്<br>പുസ്തക ചർച്ച<br>ക്വിസ് മത്സരം<br>മെഗാ ക്വിസ് | അദ്ധ്യായന വർഷം | പി.ടി.എ, വിദ്യാർഥികൾ, ഉർദു സബ്ജക്ട് കൗൺസിൽ | 3000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 13 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **അഭിമുഖ സംഭാഷണം** | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അഭിമുഖ സംഭാഷണം നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഉർദു സബ്ജക്ട് കൗൺസിൽ, | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 15 | **ദിനാചരണങ്ങൾ** | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | അതാത് ദിനാചരണങ്ങളിൽ . | ഉർദു സബ്ജക്ട് കൗൺസിൽ, | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 16 | **തൊഴിൽ നൈപുണി** | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി, വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | പ്രതിക്ഷിത | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

**ജി.എച്ച്.എസ് ....................................**

# ARABIC

## Academic Master Plan - 2025 -2026 GHS Trikkulam

| *ലക്ഷ്യം* | *പ്രവർത്തനം* | *കാലം* | *ചുമതല* |
|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | അറബിക് ലൈബ്രറി ശാക്തീകരണം. അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. അറബിക് കഥകൾ, കവിതകൾ, ചിത്രകഥകൾ അടങ്ങിയ പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന കോർണർ സ്ഥാപിക്കുന്നു. | ജൂൺ - നവംബർ | അധ്യാപകർ |
| **എഴുത്ത്**<br>അറബി ഭാഷയിൽ കുഞ്ഞു കഥകൾ, കവിതകൾ തുടങ്ങിയവ എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് തലത്തിൽ കയ്യെഴുത്ത് മാഗസിനുകൾ ഉണ്ടാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സൃഷ്ടികൾ ഉൾക്കൊള്ളിച്ച് സ്കൂൾ തല മാഗസിൻ പുറത്തിറക്കുന്നു. | നവംബർ - ഡിസംബർ | അധ്യാപകർ |
| **ക്വിസ് മത്സരങ്ങൾ**<br>അറബിക് ക്വിസ് മത്സരങ്ങളിലൂടെ ഭാഷ കൂടുതൽ കേട്ട് മനസ്സിലാക്കാനുള്ള കഴിവ് വികസിപ്പിക്കുക. | അലിഫ് ടാലൻറ് എക്സാം, അൽ - മാഹിർ സ്കോളർഷിപ്പ് എക്സാം, വ്യത്യസ്ത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ തുടങ്ങിയവ നടത്തുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |

# English

June

1. Word Wizard (Spelling Bee Lite)
Objective: Boost vocabulary and spelling confidence in a gamified way.
Method: Simple, tier-based spelling challenges; peer support encouraged.

2. Echo Reading Circles
Objective: Develop fluency and pronunciation through repeated reading.
Method: Students read aloud in small groups, echoing the teacher or peer leader.

---

July

1. Mic and Me: Reading Aloud News
Objective: Improve reading fluency andawareness of current events.
Method: Students bring simple news items (can be translated and re-translated) and read with expression.

2. Picture Talk
Objective: Stimulate vocabulary and imagination.
Method: Show a picture; students describe or narrate a story based on it. Encourages creative expression.

---

August

1. Dialogue Delight
Objective: Encourage conversational English through role play.
Method: Skits/dialogues on daily life (market, doctor visit, etc.), performed in pairs/groups.

2. Super Speller Challenge
Objective: Strengthen spelling retention in a fun format.
Method: Includes visual aids, phonetic clues, and peer help.

September

1. Readers' Theatre
Objective: Develop reading expression, collaboration, and confidence.
Method: Scripts are provided; students read aloud as characters with gestures and voice modulation
2. Chime In (Choral Reading)
Objective: Build group confidence and fluency.
Method: Whole-class or group reading of rhymes, poems, or rhythmic paragraphs.

February

1. One-Minute Wonder (Just-a-Minute Speaking)

Objective: Develop spontaneous speaking and self-confidence.

Method: Students pick simple topics and speak for one minute—peer encouragement and feedback.

2. Harmony Songs (Musical English Hour)

Objective: Improve listening, pronunciation, and rhythm.

Method: Sing simple English songs as a group; lyrics are discussed and explained before signing.

October

1. Radio Classroom (English on Air)
Objective: Enhance speaking and listening skills.
Method: Students pre-record or present live short audio clips—jokes, interviews, announcements, etc.

2. Sketch and Speak
Objective: Develop visual and verbal storytelling.Method: Students draw a scene and describe it in English using simple sentences.

November

1. The Express Wall (Manuscript Magazine)
Objective: Foster writing, drawing, and creative expression.
Method: Display wall magazine with articles, art, and poems in English—individual or team contributions.

2. Word Bank Warriors
Objective: Expand vocabulary and contextual usage.
Method: Class creates a collective "word bank" on the wall; students use them in

sentences, stories, or drawings.

December

1. Stage Scribbles (Theatre Fest)
Objective: Build dramatic and spoken English skills.
Method: Short skits, mime, or adaptations of textbook content with minimal props.

2. Rhyme Time (Poetry Recitation)
Objective: Improve pronunciation, rhythm, and confidence.
Method: Students choose simple poems to recite with expression.

January

1. English Haats (Language Stalls)
Objective: Promote functional English via creative setups.
Method: Students create stalls (like food, books, games) and use English to interact. Peer learning emphasized.

2. Say it with a Tag (Tagline Creation)
Objective: Build creative thinking and language precision.
Method: Students create catchy English taglines/posters for themes like "Save Trees" or "Kindness Wins."

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26

## ജി.എച്ച്.എസ് തൃക്കുളം

## ഹിന്ദി - HS

## മേഖല: അക്കാദമികം

**പൊതുവായ ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികളും ഹിന്ദി ഭാഷ അനായാസമായി വായിച്ച്ആശയം മനസ്സിലാക്കാനും സംസാരിക്കാനും എഴുതാനും ഉള്ള കഴിവ് നേടിയെടുക്കുക.

* ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും സർഗ്ഗാത്മകവും ആകുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുക.

* ഓരോ യൂണിറ്റിലും കൈവരിക്കേണ്ട പഠന നേട്ടങ്ങൾ കുട്ടികൾ നേടിയെന്ന് ഉറപ്പു വരുത്തുക.

* ക്ലാസ് തല പഠന പ്രവർത്തനങ്ങൾ ഭിന്നശേഷി കുട്ടികൾക്ക് കൂടി യോജിച്ച രീതിയിൽ തയ്യാറാക്കുക.

* ഹിന്ദി ഭാഷാപഠനത്തിൽ താൽപര്യമുണ്ടാക്കുന്ന ,അനുയോജ്യമായ സർഗ്ഗാത്മക രചന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഹിന്ദി അക്ഷരങ്ങൾ ,ചിഹ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ഉച്ചാരണം മനസ്സിലാക്കി വായിക്കുവാനും ആശയം ഗ്രഹിക്കാനും എഴുതുവാനും ഉള്ള കഴിവ് നേടുക. | അക്ഷരങ്ങൾ, പദങ്ങൾ, വായനാ കാർഡുകൾ, ഓഡിയോ, വിഷ്വൽസ് എന്നിവയുടെ സഹായത്തോടെ വ്യക്തിഗത വായന. തിരിച്ചറിഞ്ഞ പദങ്ങൾ എഴുതുക.ജൂൺ 19 വായനാ ദിനത്തോടനുബന്ധിച്ച് വായനാ മത്സരം. | ജൂൺ |
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിഗണന നൽകി നിലവാരം മെച്ചപ്പെടുത്തുക. | വായനാ കാർഡുകൾ, ബാല കവിതകൾ സുരീലി ഹിന്ദി പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലളിതമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - ജൂലൈ |
| പാഠഭാഗത്തോടൊപ്പം പൊതുവായ വ്യവഹാര രൂപങ്ങളും നിത്യോപയോഗ പദങ്ങളും പരിചയപ്പെടുത്തി ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുക. | ചെറു ചോദ്യരൂപങ്ങൾ, ഉത്തരങ്ങൾ എന്നിവ തയ്യാറാക്കുക. പദകേളി,കവിതാലാപനം, കഥാ വായന എന്നിവ ക്ലാസ് തല ത്തിൽ നടത്തുക. ജൂലൈ 31 പ്രേംചന്ദ് ജയന്തി ദിനാചരണം സംഘടിപ്പിക്കുക . | ജൂലൈ - ആഗസ്റ്റ് |

| | | |
|---|---|---|
| സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുക. രചനാ നൈപുണി മെച്ചപ്പെടുത്തുന്നതിലൂടെ ഹിന്ദി സാഹിത്യാഭിരുചി വളർത്തുക. | ഹിന്ദി പക്ഷാചരണത്തിന്റെ ഭാഗമായി ഹിന്ദി ക്വിസ് മത്സരം,ഹിന്ദി പ്രദർശനം , രചനാ മത്സരംഎന്നിവ സംഘടിപ്പിക്കുക . | സെപ്റ്റംബർ-ഒക്ടോബർ |
| പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുകയും സഭാകമ്പമില്ലാതെ അനായാസം ആശയ വിനിമയം സാധ്യമാക്കുകയയും ചെയ്യുക. | പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്തല പതിപ്പുകൾ - കവിത, കഥ,ആസ്വാദനക്കുറിപ്പ്, ഡയറി ,കത്ത് ,പോസ്റ്റർ - തയ്യാറാക്കി പ്രദർശിപ്പിക്കുക. | നവംമ്പർ - ഡിസംബർ |
| ഹിന്ദി ഭാഷയിലൂടെ ആശയ വിനിമയ ശേഷി മെച്ചപ്പെടുത്തുക. | ക്ലാസ് തല വായനാ മത്സരങ്ങൾ, പാഠഭാഗത്തിലെ വിവിധ സന്ദർഭങ്ങൾ ഉൾപ്പെടുത്തി സംഭാഷണങ്ങൾ ,സ്കിറ്റുകൾ ,കഥകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുക. | ഡിസംബർ - ജനുവരി |
| വാക്യഘടന ,കാലം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കി പ്രയോഗിക്കുക. | ഹിന്ദി വായനാ കാർഡുകൾ, ചിത്രകഥാപുസ്തകങ്ങൾ, പാഠാനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഹിന്ദി വാക്യങ്ങളുടെ ഘടന മനസ്സിലാക്കുവാനും സമാനമായവ കണ്ടെത്തി അവതരിപ്പിക്കുവാനും അവസരം നൽകുക. പാഠഭാഗത്തു നിന്നും പദങ്ങൾ കണ്ടെത്തി ലഘു | ജനുവരി |

| | | |
|---|---|---|
| ഹിന്ദി ഭാഷയിൽ ലളിതമായി ആത്മവിശ്വാസത്തോടെ ആശയവിനിമയം സാധ്യമാക്കുക. | വാക്യങ്ങൾ തയ്യാറാക്കുക .<br><br>വിവിധ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വ്യക്തിഗതമായി തയ്യാറാക്കുക.സ്കൂൾ തല ഹിന്ദിമാഗസിൻ തയ്യാറാക്കുക. | ഫിബ്രവരി |

| ACADEMIC MASTEE PLAN- HS physical science 2024 - 25 | | | | | |
|---|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | **കൗതുക ലോകം**:<br><br>കൗതുകം,നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകളുടെ നിർമ്മാണവും പ്രദർശനവും.<br><br>ക്ലാസുകളിൽ ലഘു പ്രോജക്റ്റുകൾ മെച്ചപ്പെട്ടവയെ സ്കൂൾ അസംബ്ലിയിൽ അനുമോദിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | 800/- |

| | | | | | |
|---|---|---|---|---|---|
| 2 | **പരിസ്ഥിതി ദിനാചരണം** | ഹരിത ക്ലബ്ബുമായി ചേർന്ന് വൃക്ഷത്തൈ വിതരണം. ഗ്രീൻ പ്രോട്ടോകോൾ പാലിക്കപ്പെടേണ്ടതിന്റെയും പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതിന്റെയും ആവശ്യകത കുട്ടികളെ മനസ്സിലാക്കുന്നു | ജൂൺ ആദ്യവാരം | ഹരിത ക്ലബ്ബ് | 5000 |
| 3 | **ലഹരിക്കെതിരെ** | ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസും ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനവും | ജൂൺ മാസം അവസാന ആഴ്ച | സയൻസ് ക്ലബ്ബ് | 1500 രൂപ |
| 4 | **അമ്പിളി തോണിയിൽ**:<br><br>ചാന്ദ്രദിനത്തോടനുബന്ധിച്ച് ഉള്ള പരിപാടികൾ | ചാന്ദ്രദിന ക്വിസ് മത്സരം പോസ്റ്റർ നിർമ്മാണം ക്ലാസ് തല പതിപ്പ് നിർമ്മാണം ചാന്ദ്രദിന പ്രദർശനം | ജൂലൈ 20 മുതൽ 26 വരെ | സയൻസ് ക്ലബ്ബ് | 5000 |
| 5 | **ശാസ്ത്രദിനം** | എട്ട് ഒമ്പത് 10 ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞനെ കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കൽ | നവംബർ മാസം | സയൻസ് ക്ലബ്ബ് | NIL |

| | | | | | |
|---|---|---|---|---|---|
| 6 | **ശാസ്ത്ര അഭിരുചി ക്ലാസ്** | ക്ലാസ് മുറികളിലെയും സ്കൂൾതലത്തിലും നടക്കുന്ന ശാസ്ത്ര പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യം കാണിക്കുന്നതും ശാസ്ത്ര മനോഭാവമുള്ളതുമായ കുട്ടികളെ കണ്ടെത്തുകയും ശാസ്ത്രമേളകൾക്ക് വേണ്ടി തയ്യാറാക്കുകയും ചെയ്യുന്നു | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് അധ്യാപകർ | 7000+ |
| 7 | **സി വി രാമൻ ദിനം** | ഉപന്യാസം മത്സരം | നവംബർ മാസം | സയൻസ് അധ്യാപകർ | 500 രൂപ |
| 8 | **ശാസ്ത്രബോധം തൊഴിലിലൂടെ** | എൽഇഡി വർക്ക്ഷോപ്പ് | ജൂൺ മുതൽ സെപ്റ്റംബർ | സയൻസ് ക്ലബ്ബ് | 5000 രൂപ |
| 9 | **ശാസ്ത്രദിനം** | ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ഓരോ ക്ലാസുകളിലും പ്രദർശിപ്പിക്കുന്നു | ജനുവരി മുതൽ ഫെബ്രുവരി | സയൻസ് അധ്യാപകർ | 500 |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025-2026

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ക്രമനമ്പർ | മേഖല | പ്രവർത്തനം | ക്ലാസ് | കാലയളവ് | ചുമതല | ചിലവ് | helping authorities |
|---|---|---|---|---|---|---|---|
| 1 | കൃഷി | പൂന്തോട്ടം പച്ചക്കറിത്തോട്ടം | 8,9,10 | ജൂൺ- ആഗസ്റ്റ് | സബ്ജക്ട് കൗൺസിൽ | 2500 | HM, PTA, കൃഷിഭവൻ |
| 2 | വസ്ത്രം | തയ്യൽ മിഷൻ പരിപാലന ശില്പശാല | 8,9,10 | ജൂൺ 13 | സബ്ജക്ട് കൗൺസിൽ | 1000 | HM, PTA |
| 3 | പാഴ് വസ്തു പരിപാലനം | ക്യാരിബാഗ് നിർമ്മാണം | 8 | ആഗസ്റ്റ് | സബ്ജക്ട് കൗൺസിൽ | 1000 | HM, PTA |
| 4 | പ്ലമിങ് | ഡ്രിപ്പ് ഇറിഗേഷൻ ശില്പശാല | 8,9,10 | ജനുവരി | സബ്ജക്ട് കൗൺസിൽ | 3000 | HM, PTA |
| 5 | മാധ്യമം | ഡോക്യുമെന്റേഷൻ - സ്കൂൾ കലാമേള | 8 | ആഗസ്റ്റ് | സബ്ജക്ട് കൗൺസിൽ | 1000 | HM, PTA |
| 6 | വസ്ത്രം | വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രധാരണ രീതികൾ - ശില്പശാല | 8,9,10 | ഡിസംബർ | സബ്ജക്ട് കൗൺസിൽ | 2000 | HM, PTA |
| 7 | വസ്ത്രം | വസ്ത്രങ്ങളിലുള്ള വിവിധ പ്രിന്റിംഗ് രീതികൾ പരിശീലനം | 8,9,10 | ഒക്ടോബർ | സബ്ജക്ട് കൗൺസിൽ | 3000 | HM, PTA |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ----2025-26

## സോഷ്യൽ സയൻസ്

| നമ്പർ | **പ്രവർത്തനത്തിന്റെ പേര്** | **പ്രവർത്തനത്തിന്റെ ലക്ഷ്യം** | **കാലയളവ്** | **ചുമതലയുള്ള ടീച്ചർ** |
|---|---|---|---|---|
| 1. | **സാമൂഹ്യശാസ്ത്ര ലാബ് നവീകരണം** | കാര്യക്ഷമമായ പഠനം<br>അധിക വായന<br>കണ്ടറിഞ്ഞ പഠനം | June-March | Preethi |
| 2. | **പ്രാദേശിക ചരിത്രരചന** | സ്ഥലനാമങ്ങളുടെ ആവിർഭാവത്തെ കുറിച്ചുള്ള വിവരശേഖരണം .<br>ഓരോ പ്രദേശത്തിന്റെയും ചരിത്രവും ഭൂമിശാസ്ത്രപരവുമായപ്രാധാന്യം മനസ്സിലാക്കുന്നതിനും. | July | Preethi |
| 3. | **ഒന്നാണ് നമ്മൾ**<br>(സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് ചെറിയ പ്രവർത്തനങ്ങളും പ്രത്യേക പഠനയാത്രകളും സംഘടിപ്പിക്കുന്നു.) | പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ അവരുടെഅഭിരുചിക്കനുസരിച്ച് ഉയർത്തിക്കൊണ്ടു വരിക. | Auguest | Shiji |
| 4. | **ചരിത്രവീഥിയിലൂടെ**<br>(ഫീൽഡ് ട്രിപ്പ് ) | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുംസ്മാരകങ്ങളും പരിചയപ്പെടുന്നതിന്. | September | Preethi |
| 5. | **ഇത്തിരി നേരം**<br>(വൃദ്ധസദനം സന്ദർശിക്കൽ) | സാമൂഹ്യ പ്രതിബദ്ധത വളർത്താൻ.<br>പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ പ്രയാസങ്ങൾ തിരിച്ചറിയാൻ. | October | Shiji |

| | | | | |
|---|---|---|---|---|
| | | മാനവികത വളർത്താൻ. | | |
| 6. | **സ്കൂൾ പാർലമെൻറ്** | ജനാധിപത്യം പൗരബോധം എന്നിവ വളർത്താൻ. | November | Jasmine |
| 7. | **മുഖാമുഖം**<br>(പ്രശസ്തരുമായിട്ടുള്ള അഭിമുഖം ) | സാമൂഹ്യ പ്രതിബദ്ധത വളർത്താൻ. | December | Preethy |
| 8. | **നിണമണിയാത്ത പാതയക്കായ്** | റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം. | January | Preethi |
| 9.. | **തണ്ണീർത്തടങ്ങളിലൂടെ.....** | തണ്ണീർ തടങ്ങളുടെ സംരക്ഷണത്തെക്കുറിച്ച്ബോധവൽക്കരണം | February | Shiji |

## അക്കാദമിക് മാസ്റ്റർപ്ലാൻ- നാച്ചുറൽ സയൻസ്

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതിസംരക്ഷണം - ജൂൺ 5 | അസംബ്ലിയിൽ ഹരിതകർമ്മസേനയെ ആദരിക്കുന്നു. പ്ലാസ്റ്റിക് പുനരുപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്. ഇൻസിനരേറ്ററിന്റെ പ്രവർത്തനം പരിചയപ്പെടുത്തൽ | ജൂൺ - ആഗസ്റ്റ് | ജെ ആർ സി, സയൻസ് ക്ലബ്ബ് ഹരിതസേന, പരിസ്ഥിതി ക്ലബ്ബ് | പി ടി എ,അധ്യാപകർ. |
| 2 | ലഹരിവിരുദ്ധ ദിനം -ജൂൺ 26 | ലഹരിവിരുദ്ധ പ്രതിജ്ഞ,തെരുവുനാടകം, ഫ്ലാഷ് മോബ് | | ടീൻസ് ക്ലബ്ബ് | പി ടി എ, എസ് എം സി |

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
